# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സമസ്ത മേഖലകളിലും സ്വയംപര്യാപ്തത ഉറപ്പുവരുത്താനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്നും, രാജ്യത്തെ പ്രതിരോധ സംവിധാനങ്ങളുടെ വലിയൊരു പങ്കും ഇന്ത്യ തദ്ദേശീയമായി നിർമ്മിക്കുന്നതാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്.

**Defence Minister Rajnath Singh said the Government is striving to ensure self-reliance in all sectors and that a major share of the country's defence systems is manufactured indigenously.**

2. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് ഇന്ന് തുടക്കമായി; തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം, സ്വകാര്യ സർവകലാശാലാ ബിൽ എന്നിവ സംബന്ധിച്ച രണ്ട് പ്രമേയങ്ങൾ സഭ പാസ്സാക്കി.

**The second session of the 16th Kerala Legislative Assembly began today. The Assembly passed two resolutions concerning the functioning of the Election Commission and the Private Universities Bill.**

3. ആരോഗ്യ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ നിരക്കുകൾ വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി കേന്ദ്രസർക്കാർ.

**The Union Government has directed states to ensure that healthcare institutions prominently display the rates charged for their services.**

4. സാമ്പത്തിക ശാസ്ത്രത്തിനുള്ള 2026-ലെ നൊബേൽ പുരസ്കാരം അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞരായ റോബർട്ട് ഇ. ഹാൾ, മൈക്കൽ വുഡ്ഫോർഡ് എന്നിവർക്ക്.

**The 2026 Nobel Prize in Economic Sciences has been awarded to American economists Robert E. Hall and Michael Woodford.**

5. കേരളത്തിൽ തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**The India Meteorological Department has forecast that the northeast monsoon is likely to arrive in Kerala soon.**

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് -മോഹൻ ബഗാൻ പോരാട്ടം.

**In the ISL football tournament, NorthEast United will take on Mohun Bagan today.**

*************************

## RAJNATH (intro)

ആയുധം, സാങ്കേതികവിദ്യ തുടങ്ങി സമസ്ത മേഖലകളിലും സ്വയംപര്യാപ്തതയും ആധുനികവൽക്കരണവും കൈവരിക്കുന്നതിലാണ് കേന്ദ്ര സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. രാജ്യത്തെ പ്രതിരോധ സംവിധാനങ്ങളുടെ വലിയൊരു പങ്കും ഇന്ത്യ തദ്ദേശീയമായി നിർമ്മിക്കുന്നതായും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ കരസേനയും, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാജ്യരക്ഷാ മന്ത്രി. ഗുണനിലവാരമുള്ള ഉപകരണങ്ങളും മികച്ച പരിശീലനവും സൈനികരുടെ മനോവീര്യം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**(BYTE- RAJNATH SINGH)**

*************************

## KERALA ASSEMBLY

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ ആദ്യ ദിനമായ ഇന്ന് ചട്ടം 118 പ്രകാരമുള്ള രണ്ട് പ്രമേയങ്ങൾ സഭ പാസ്സാക്കി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കേണ്ടതിന്റെയും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കേ ണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി വി. ഡി. സതീശനാണ് അവതരിപ്പിച്ചത്. വോട്ടർ പട്ടികയിൽ നിന്ന് പുറത്താക്കിയ അർഹരായവരെ വീണ്ടും പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് പ്രമേയം ആവശ്യപ്പെടുന്നു. ബിജെപി അംഗങ്ങൾ പ്രമേയത്തെ എതിർത്തു. - രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന കേരള സ്വകാര്യ സർവ്വകലാശാല ബിൽ 2025 മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഗവർണർ മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന രണ്ടാം പ്രമേയം മന്ത്രി റോജി എം ജോണാണ് അവതരിപ്പിച്ചത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നടന്ന അതിക്രമം സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുള്ള പ്രതിപക്ഷം വാക്കൗട്ടിനും സഭ ഇന്ന് വേദിയായി.

*************************

## DILLI DIALOGUE- GOYAL (intro)

ഇന്ത്യയുടെ വികസന യാത്രയിൽ സജീവ പങ്കാളികളാകാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. പുത്തൻ കാഴ്ചപ്പാടുകൾ, നൂതന ആശയങ്ങൾ, ശക്തമായ ലക്ഷ്യബോധം എന്നിവയിലൂടെ രാജ്യത്തിൻറെ പുരോഗതിക്ക് യുവതലമുറ കരുത്ത് പകരണമെന്ന് ന്യൂഡൽഹിയിൽ ദില്ലി ഡയലോഗ് 2026 നെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യ വളർച്ച കൈവരിച്ചതായും, 2047 ഓടെ

ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 30 ട്രില്യൺ യുഎസ് ഡോളറിലെത്തുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**(BYTE- PIYUSH GOYAL)**

*************************

## CENTRE - CLINIC DISPLAY RATES

ആരോഗ്യ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ നിരക്കുകൾ വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്ന് സംസ്ഥാനങ്ങളോടും കേന്ദ്രഭരണപ്രദേശങ്ങളോടും ആവശ്യപ്പെട്ട് കേന്ദ്രസർക്കാർ. ഇത് ചൂണ്ടിക്കാട്ടി കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചു. ഇതിലൂടെ രോഗികൾക്ക് ചികിത്സാ ചെലവ് മനസ്സിലാക്കാനും, ചെലവുകൾ ആസൂത്രണം ചെയ്യാനും സാധിക്കുമെന്ന് കത്തിൽ വ്യക്തമാക്കുന്നു.

*************************

## NHRC 33rd FOUNDATION DAY

സുപ്രീം കോടതിയുടെ വാതിലുകൾ എല്ലാ പൗരന്മാർക്കും മുന്നിൽ തുറന്നിട്ടിരിക്കുകയാണെന്നും, നിയമപരമായി സാധ്യമായ എല്ലാ പരിഹാരങ്ങളും ജനങ്ങൾക്ക് ഉറപ്പുവരുത്തുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 33-ാമത് സ്ഥാപക ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ ഉൾക്കൊള്ളണമെന്നും, പ്രവർത്തന സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും NHRC അധ്യക്ഷൻ ജസ്റ്റിസ് വി. രാമസുബ്രഹ്മണ്യൻ ചടങ്ങിൽ പറഞ്ഞു.

*************************

## DRAFT NATIONAL STEEL POLICY

ദേശീയ ഉരുക്ക് നയം - വിഷൻ 2047 ന്റെ കരട് രേഖയ്ക്ക് കേന്ദ്ര സർക്കാർ രൂപം നൽകി. ആഗോളതലത്തിൽ മത്സരശേഷിയും സാങ്കേതിക തികവുമുള്ളതും, പരിസ്ഥിതി സൗഹൃദവുമായ ഉരുക്ക് മേഖല കെട്ടിപ്പടുക്കുന്നതിനുള്ള ദീർഘകാല നയരേഖയാണിത്. നിലവിൽ 116 കിലോഗ്രാം ആയ പ്രതിശീർഷ ഉരുക്ക് ഉപഭോഗം, 302 കിലോഗ്രാമായി ഉയർത്താനും 2047-ഓടെ രാജ്യത്തിന്റെ ഉരുക്ക് കയറ്റുമതി 45 ദശലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

***************************

## NOBEL PRIZE ECONOMICS

സാമ്പത്തിക ശാസ്ത്രത്തിനുള്ള 2026-ലെ നൊബേൽ പുരസ്കാരം അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞരായ റോബർട്ട് ഇ. ഹാൾ, മൈക്കൽ വുഡ്ഫോർഡ് എന്നിവർക്ക്. സാമ്പത്തിക മാന്ദ്യത്തിന്റെ സമയത്തും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്താൻ സഹായിക്കുന്ന മാക്രോ ഇക്കണോമിക് മോഡലുകൾ വികസിപ്പിച്ചതിനാണ് അംഗീകാരം. റോബർട്ട് ഇ. ഹാൾ സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെയും, മൈക്കൽ വുഡ്ഫോർഡ് കൊളംബിയ സർവ്വകലാശാലയിലെയും പ്രൊഫസർമാരാണ്.

***************************

## PM 25 YEARS - YOGA DAY (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. അന്താരാഷ്ട്ര യോഗ ദിനാചരണത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' പ്രത്യേക പരമ്പരയിൽ ഇന്ന്.

വിശദാംശങ്ങളിലേക്ക്...........

(വോയിസ്)

*************************

## PM 25 YEARS – YOGA DAY (VOICE)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഭ്യർത്ഥന പ്രകാരമാണ് ഐക്യരാഷ്ട്രസഭ ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചത്. 2015 മുതൽ ലോകമെമ്പാടും ദിനാഘോഷം നടന്നുവരുന്നു. യോഗയ്ക്ക് ആഗോളതലത്തിൽ അംഗീകാരം നേടിക്കൊടുക്കാനും, കായിക ശേഷി, മാനസിക സൗഖ്യം, ആരോഗ്യകരമായ ജീവിതശൈലി എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഇതിലൂടെ കഴിഞ്ഞു. കേന്ദ്ര ആയുഷ് മന്ത്രാലയത്തിൻറെയും, സംസ്ഥാന സർക്കാരുകളുടെയും, വിവിധ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിപുലമായ ആഘോഷ പരിപാടികൾ യോഗ ദിനത്തോടനുബന്ധിച്ച് രാജ്യത്ത് നടന്നുവരുന്നു.

ന്യൂസ് ഡസ്ക്, ആകാശവാണി.......

*************************

## DELHI TRAFFIC – ADVISORY

രാജ്യതലസ്ഥാനത്ത് നടക്കുന്ന പ്രതിഷേധങ്ങൾക്കായി രാംലീല മൈതാനം, ബുരാരി ഗ്രൗണ്ട്, സിബിഡി ഗ്രൗണ്ട് എന്നീ മൂന്ന് പുതിയ സ്ഥലങ്ങൾ നിർദ്ദേശിച്ച് ഡൽഹി പോലീസ്. ജന്തർ മന്ദർ ഇനിമുതൽ സമരവേദിയായിരിക്കില്ലെന്നും ഡൽഹി പോലീസ് കമ്മീഷണർ അറിയിച്ചു. പ്രതിഷേധങ്ങൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ ആഭ്യന്തരമന്ത്രാലയം നിയോഗിച്ച സമിതിയുടെ ശുപാർശ പ്രകാരമാണ് നടപടി. പ്രതിഷേധം സംഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പ്രത്യേകം പുറത്തിറക്കുമെന്നും പോലീസ് അറിയിച്ചു. പ്രതിപക്ഷ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് സുരക്ഷ കർശനമാക്കിയിട്ടുണ്ട്.

*************************

## RAHUL GANDHI

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരായി I.N.D.I.A സഖ്യ നേതാക്കൾ സുപ്രീം കോടതിയെ സമീപിക്കുമെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. അതേസമയം ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലമാക്കുകയാണ് രാഹുൽ ഗാന്ധി ചെയ്യുന്നതെന്ന് ബിജെപി വിമർശിച്ചു.

*************************

## SC-FIRECRACKERS

ഡൽഹി-ദേശീയ തലസ്ഥാന മേഖലയിലെ വായുമലിനീകരണം തടയുന്നതിനായി പടക്ക നിരോധനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രധാനമായ നിരീക്ഷണങ്ങളുമായി സുപ്രീംകോടതി. നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള കടുത്ത നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനേക്കാൾ, പൊതുജന അവബോധവും ജനങ്ങളുടെ സ്വമേധയാ ഉള്ള പങ്കാളിത്തവുമാണ് കൂടുതൽ ഫലപ്രദം എന്ന് കോടതി നിരീക്ഷിച്ചു.

*************************

## BHIKSHA VRITTI-MUKT BHARAT

സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയം ന്യൂഡൽഹിയിൽ മറ്റന്നാൾ 'ഭിക്ഷാവൃത്തി മുക്ത് ഭാരത് - ഭിക്ഷാവൃത്തി മുക്ത് ഡൽഹിയിലേക്ക്' എന്ന പരിപാടി സംഘടിപ്പിക്കും. യാചനമുക്ത നഗര ചട്ടക്കൂട് വിഭാവനം ചെയ്യുന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തിന് അനുസൃതമായാണ് പരിപാടി ആസൂത്രണം ചെയ്യിരിക്കുന്നത്.

*************************

## KALAWASTHA - STATE

കേരളത്തിൽ തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം 16 വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇടിമിന്നലിനെതിരെ ജാഗ്രത പാലിക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു

*************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് -മോഹൻ ബഗാൻ പോരാട്ടം. ഗുവാഹത്തിയിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്.

*************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്. സെൻസെക്സ് 547 പോയിന്റ് താഴ്ന്ന് 71,924 ലും, നിഫ്റ്റി 157 പോയിൻറ് താഴ്ന്ന് 22,363 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 10,720 രൂപയും , ഗ്രാമിന് 13,840 രൂപയുമാണ് ഇന്നത്തെ വില.

*************************

## RIYADH ATTACK

സൗദി അറേബ്യയിലെ റിയാദ് വിമാനത്താവളത്തിൽ കഴിഞ്ഞ ദിവസമുണ്ടായ ഹൂതി ആക്രമണത്തിൽ പരിക്കേറ്റ ഒരു ഇന്ത്യൻ പൗരൻ മരിച്ചതായി ഇന്ത്യൻ എംബസി. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്നും എംബസി വ്യക്തമാക്കി. ശനിയാഴ്ചയുണ്ടായ ആക്രമണത്തിൽ 11 ഇന്ത്യക്കാർക്കാണ് പരിക്കേറ്റത്.

***********************************************************

**************